ॐ

## ശ്രീമദ്ഭാഗവതം നിത്യപാരായണം 30-ാം ദിവസം

**അഹമേവാസമേവാഗ്രേ നാന്യദ്യത് സദസത് പരം**
**പശ്ചാദഹം യദേതച്ച യോഽവശിഷ്യേത സോസ്മ്യഹം (2-9-32)**
**ഋതേഽർത്ഥം യത് പ്രതീയേത ന പ്രതീയേത ചാത്മനി**
**തദ്വിദ്യാദാത്മനോ മായാം യഥാഽഽഭാസോ യഥാ തമ: (2-9-33)**
**യഥാ മഹാന്തി ഭൂതാനി ഭൂതേഷൂച്ചാവചേഷ്വനു**
**പ്രവിഷ്ടാന്യപ്രവിഷ്ടാനി തഥാ തേഷു ന തേഷ്വഹം (2-9-34)**
**ഏതാവദേവ ജിജ്ഞാസ്യം തത്വ ജിജ്ഞാസുനാഽഽത്മന:**
**അന്വയവ്യതിരേകാഭ്യാം യത് സ്യാത് സർവത്ര സർവദാ (2-9-35)**

ശുകൻ തുടർന്നു:
ബ്രഹ്മാവു പ്രാർത്ഥിച്ചു: ഭഗവാനേ, അവിടുന്ന് എല്ലാമറിയുന്നവനും എൻെറയുള്ളിൽത്തന്നെയുള്ള സത്തുമാണെങ്കിലും അവിടത്തെ പ്രഭാവം മനസ്സിലാക്കിത്തരാൻ ഞാൻ താഴ്മയേടെ അഭ്യർത്ഥിക്കുന്നു. അവിടുത്തെ പരമസത്തയേപ്പറ്റിയും നിരാകാരവും ആപേക്ഷികമായി സാകാരവുമായ വിശ്വരൂപത്തെപ്പറ്റിയും എനിക്കറിവുണ്ടാക്കിത്തന്നാലും. അവിടുന്നീവിശ്വംമുഴുവനും നിറഞ്ഞിരിക്കുന്നുവെങ്കിലും സ്വന്തം മായാശക്തിയാൽ ഭൂമിയിൽ പ്രത്യക്ഷമായി കാണപ്പെടുന്നു. അവിടുന്ന് വിശ്വത്തെ സംരക്ഷിക്കുകയും അവസാനം സ്വശക്തിയിൽ വിലയിപ്പിക്കയും ചെയ്യുന്നു. എട്ടുകാലി തന്നിൽനിന്നു വലയുണ്ടാക്കി അതിൽ കുറച്ചുനേരം കളിച്ച് അവസാനം തന്നിലേക്കുതന്നെ ഉൾവലിയുന്നു. ഇതേക്കുറിച്ച് ഞാനെന്നും അറിവുള്ളവനാകട്ടെ. അവിടത്തെക്കയ്യിലെ ഒരുപകരണമായി ഈ സൃഷ്ടി കർമ്മത്തിൽ എന്നെ പങ്കെടുപ്പിച്ചാലും. 'ഞാൻ സൃഷ്ടിച്ചു' എന്നൊരു തോന്നൽ എന്നിലുണ്ടാകാതേയുമിരിക്കട്ടെ.

ഭഗവാൻ പറഞ്ഞു:
"ഏറ്റവും നിഗൂഢവും ഉന്നതവുമായ ആ വിജ്ഞാനം ഞാൻ നിനക്കുപറഞ്ഞു തരാം. അതെന്നെക്കുറിച്ചുള്ള സത്യമത്രെ. എൻെറ അനുഗ്രഹത്താൽ നിനക്കാ അറിവിൻെറ സാന്നിദ്ധ്യം എന്നുമുണ്ടാവുകയും എൻെറ ശരിയായ സംശുദ്ധരൂപത്തെപ്പറ്റിയും പ്രത്യക്ഷാവസ്ഥകളെപ്പറ്റിയും ഉൾക്കാഴ്ചയുണ്ടാവുകയും ചെയ്യും. ബ്രഹ്മാവേ, തീർച്ചയായും ഞാൻ മാത്രമേ ആദിയിലുണ്ടായിരുന്നുള്ളൂ. മറ്റൊന്നും ഉണ്ടായിരുന്നില്ല. ആപേക്ഷികമായി അസ്ഥിത്വമോ അനസ്ഥിത്വമോ ഉണ്ടായിരുന്നില്ലതന്നെ. 'അതിലും' 'ഇതിലും' സൃഷ്ടിക്കപ്പെട്ടവയെങ്കിലും എല്ലാം സ്ഥിതിചെയ്യുകമാത്രമാണ്. എൻെറ മായാശക്തിയാലാണ് വസ്തുക്കൾ എന്നിൽ സ്ഥിതിചെയ്യുന്നു എന്ന തോന്നൽ ഉണ്ടാക്കുന്നത്. (വാസ്തവമല്ലത്) അതൊരു പ്രതിഫലനം പോലെയാണ് പ്രവർത്തിക്കുന്നത്. അല്ലെങ്കിൽ പുകയുണ്ടാകുന്നതിൻെറ തുടക്കം തീയിൽ നിന്നാണെങ്കിലും പുകയാൽ തീ മറയ്ക്കപ്പെട്ടു കാണുന്നതു പോലെയാണത്. എല്ലാ ജീവശരീരങ്ങളിലും പഞ്ചഭൂതങ്ങൾ പ്രവേശിക്കുന്നു എന്നും പഞ്ചഭൂതങ്ങൾ ശരീരങ്ങളിൽ പ്രവേശിക്കുന്നില്ലാ എന്നും ആപേക്ഷികമായി പറയാം. അതുപോലെ ജീവസത്തായി ഞാൻ ജീവജാലങ്ങൾക്കുള്ളിൽ കയറിയിരിക്കുന്നു എന്നും അനന്തമായതിനാൽ ജീവജാലങ്ങൾക്കുള്ളിൽക്കയറേണ്ട കാര്യമില്ലെന്നും പറയാവുന്നതാണ്. ശരിയായ സാധകൻ നേതി നേതി (ഇതല്ല: ഇതല്ല) എന്ന മാർഗ്ഗത്തിലൂടെ അസത്യങ്ങളെ ഉപേക്ഷിച്ച് സത്യത്തെ സാക്ഷാത്ക്കരിക്കേണ്ടതാണ്. എല്ലാം ബ്രഹ്മമയം (ഇതാണ് ബ്രഹ്മം) എന്ന ദൃഢമാർഗ്ഗത്തിലൂടേയും സത്യത്തെ സാക്ഷാത്ക്കരിക്കാവുന്നതാണ്."

ഭാഗവൽദൃശ്യം അപ്രത്യക്ഷമായി. ബ്രഹ്മദേവൻ ധ്യാനത്തിലാണ്ട് പിന്നേയും നിലകൊണ്ടു. സൃഷ്ടി കർമ്മത്തിനായുള്ള ധ്യാനവും തപസ്സും വീണ്ടുമനുഷ്ടിച്ചു. ഈ സമയം നാരദൻ ബ്രഹ്മാവിനെ സമീപിച്ച് താങ്കൾ എന്നോടു ചോദിച്ച അതേ ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി. ബ്രഹ്മാവ് നാരദനു നിർദ്ദേശിച്ച ഭാഗവതപുരാണം ഞാൻ പറഞ്ഞുതരാം.

*32 മുതൽ 35 വരെ വരികൾ ഭാഗവതത്തിൻെറ സത്ത എന്നറിയപ്പെടുന്നു.*